**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 120** **10-06-2024 - ൽ മറുപടിയ്ക്ക്**

**കോതമംഗലം - കള്ളാട് സാറാമ്മ ഏലിയാസിന്റെ കൊലപാതകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോതമംഗലം, കള്ളാട് സാറാമ്മ ഏലിയാസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് പോലീസ് ഇതുവരെ നടത്തിയ അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ; | (എ) | മരണപ്പെട്ട സാറാമ്മയുടെ അടുത്ത ബന്ധുക്കളുടെയും സമീപവാസികളുടേയും അടക്കമുള്ള സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയും, സാറാമ്മയുടെ വീടിനോട് ചേർന്ന് വാടകയ്ക്ക് താമസിക്കുന്ന ഇതര സംസ്ഥാനക്കാരായ ആൾക്കാരെ നിരീക്ഷിച്ചും അവരുടെ താമസ സ്ഥലങ്ങൾ പരിശോധന നടത്തിയും ഊർജ്ജിതമായ അന്വേഷണം നടത്തിയിട്ടുണ്ട്. കൂടാതെ ശാസ്ത്രീയ അന്വേഷണത്തിന്റെ ഭാഗമായി CCTV ക്യാമറകൾ പരിശോധിച്ചും സംഭവസമയത്തെ Mobile Phone കളുടെ CDR കളും ലൊക്കേഷനുകളും പരിശോധിച്ചും പ്രതികൾക്കു വേണ്ടിയുള്ള വിശദമായ അന്വേഷണം മൂവാറ്റുപുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ കോതമംഗലം പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ 30 അംഗ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് അന്വേഷണം നടത്തി വരുന്നു. |
| (ബി) | പ്രസ്തുത കൊലപാതക കേസിലെ പ്രതികളെ വേഗത്തിൽ കണ്ടെത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ